ശ്രീ. എൻ. കുഞ്ഞുരാമൻ: ലൈസൻസ്സ് ഫീസ്സു കൂടാതെ സെയിൽസ് ടാക്സ് ഈടാക്കുന്നുണ്ട്. അതല്ലാതെ സെസ്സൊന്നും ഈടാക്കുന്നില്ല.

ഫാമിലി പെൻഷൻ

t* ൨൩. (൧൯) ശ്രീ. കോന്നാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി സദയം മറുപടി പറയുമോ.—

സർക്കാർ ജീവനക്കാർക്കു ഉദ്യോഗത്തിൽ ഇരിക്കുമ്പോൾ ജീവാപായം വന്നാൽ ഫാമിലി പെൻഷൻ കൊടുക്കുന്ന സമ്പ്രദായം ഉണ്ടോ?

ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): സർവ്വീസിലിരിക്കുമ്പോൾ ജീവാപായം ഉണ്ടാകുന്ന സർക്കാർ ജീവനക്കാരുടെ കുടുംബത്തിനു് പെൻഷൻ കൊടുക്കുന്ന പതിവു് ഇല്ല. എന്നാൽ അപ്രകാരം സംഭവിക്കുന്ന ചില അവസരങ്ങളിൽ ജീവനക്കാരുടെ കുടുംബത്തിന്റെ നിലനിൽപ്പു തുടങ്ങിയ ചില പ്രത്യേക പരിതസ്ഥിതികളിൽ ഗവണ്മെണ്ടു് ഫാമിലി പെൻഷൻ മുതലായവ കൊടുക്കാറുണ്ടു്.

എൻ. ജി. ഓ.മാർ

*൨൬. (൧൨) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജു വഹിക്കുന്ന മന്ത്രി സദയം മറുപടി നല്കുമോ.—

(എ) റജിസ്ട്രേഷൻ ഡിപ്പാർട്ടുമെണ്ടിൽ എൻ. ജി. ഒ. മാർ തിരുവിതാംകൂർ ഡിവിഷനിൽ എത്ര; കൊച്ചി ഡിവിഷനിൽ എത്ര;

(ബി) രജിസ്ട്രേഷൻ ഡിപ്പാർട്ടുമെണ്ടിൽ ഓ കൊല്ലവും അതിൽ കൂടുതലും സർവ്വീസുള്ള എൻ. ജി. ഒ. മാർ തിരുവിതാംകൂർ ഡിവിഷനിൽ എത്ര; കൊച്ചിൻ ഡിവിഷനിൽ എത്ര: ഇതിൽ സ്ഥിരം, ടെമ്പററി, അക്കിംഗ് എത്രവീതം;

(സി) അഞ്ചുകൊല്ലവും അതിൽ കൂടുതലും സർവ്വീസുള്ളവരെ, തിരുവിതാംകൂർ ഡിവിഷനിൽ സ്ഥിരപ്പെടുത്താതിരിക്കുവാൻ കാരണം എന്തെന്നു പറയുമോ?

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) തിരുവിതാംകൂറിൽ ൯൯൯.
കൊച്ചിയിൽ ൧൯൨.

(ബി) തിരുവിതാംകൂറിൽ ൫൫൨. അതിൽ സ്ഥിരപ്പെടുത്തിയതു് ൪൫൧, ടെമ്പററി ൧൨൦, അക്കിംഗ് ൫൩. കൊച്ചിയിൽ ൧൭൫. അതിൽ സ്ഥിരപ്പെടുത്തിയതു് ൧൨൨, ടെമ്പററി ൧൨, അക്കിംഗ് ൯.

(സി) ഡിപ്പാർട്ടുമെണ്ടു് ജീവനക്കാരുടെ ഗ്രേഡേഷൻ ലിസ്റ്റു് ഗവണ്മെണ്ടിന്റെ പരിഗണനയിൽ ഇരിക്കുന്നതുകൊണ്ടു് ൧൯൫൫ ജൂലായി ൧-നും-ക്കുശേഷം ആരെയും സ്ഥിരപ്പെടുത്തരുതെന്നു് ഗവണ്മെണ്ടിൽനിന്നും ഉത്തരവു് കൊടുത്തതനുസരിച്ചു് സ്ഥിരപ്പെടുത്തലുകൾ നടന്നിട്ടില്ല.

t Answer to this question was laid on the table, the questioner having exhausted his quota.

LIBRARY ARCHIVES Kerala Legislative Assembly